ഒത്തുപോകുന്നതല്ലെന്നു കേ
ുണ്ടിക്കാട്ടി. തമിഴ്നാട് പ്രതിനി
ി വിഡിയോ കോൺഫറൻസിങ്ങി
ുയാണു യോഗത്തിൽ പങ്കെടു
ത്. കേരളത്തിനുവേണ്ടി ജലവി
വ സെക്രട്ടറി ടിങ്കു ബിസ്വാൾ, സം
സ്ഥാനാന്തര നദീജല ഉപദേശകസ
മിതി സ്പെഷൽ ഓഫിസർ ജെയിംസ്
വിൽസൺ എന്നിവർ പങ്കെടുത്തു. കേ
ന്ദ്ര ജല കമ്മിഷൻ അധ്യക്ഷൻ, ഊർ
ജ, പരിസ്ഥിതി, വാർത്താവിനിമയ
മന്ത്രാലയ പ്രതിനിധികൾ ദേശീയ ദു
രന്ത മാനേജ്മെന്റ് അതോറിറ്റി പ്രതിനി
ധി എന്നിവരും സംബന്ധിച്ചു. ഇപ്പോഴ
ത്തെ കാലവർഷം അടുത്ത മാസം 15
വരെയാണെന്നാണു കണക്കാക്കിയി
രിക്കുന്നത്. ജലനിരപ്പു വിഷയം ഉപ
സമിതി അതിനുശേഷം വീണ്ടും പരി
ഗണിക്കും.

എത്തുംമുൻപേ നിയന്ത്രിത തോതിൽ വെള്ള
പുറത്തേക്കുവിടണമെന്നു തമിഴ്നാടിനോടും
മേൽനോട്ട സമിതിയോടും കേരളം ആവശ്യ
പ്പെട്ടിരുന്നെങ്കിലും നടപടിയുണ്ടായില്ലെന്നും
ചൂണ്ടിക്കാട്ടിയിട്ടുണ്ട്. കോടതി ഇന്നു പരിഗ
ണിക്കുന്ന സത്യവാങ്മൂലത്തിൽ ചീഫ് സെ

## കേരളത്തിന്റെ ആവശ്യങ്ങൾ

- മുല്ലപ്പെരിയാർ മേൽനോട്ട സമിതി കേന്ദ്ര ജലകമ്മിഷൻ ചെയർമാനെ തലവനാക്കി പുനഃസംഘടിപ്പിക്കണം. .
- പ്രളയമുൾപ്പെടെയുള്ള പ്രതിസന്ധി ഘട്ടങ്ങളിൽ തീരുമാനമെടുക്കാൻ സമിതിക്ക് അധികാരം നൽകണം.
- ദൈനംദിന കാര്യങ്ങൾക്കായി മാനേജ്മെന്റ് സമിതി വേണം.

ള്ളം പൊങ്ങിയ ചരിത്രമുള്ളതിനാൽ കേരളം
ജാഗ്രത പാലിച്ചു. 14നു രാവിലെ നാലിനു ജല
നിരപ്പ് 136 അടി കടന്നു. ഉച്ചയ്ക്കു രണ്ടോടെ
ഒഴുക്ക് ഇരട്ടിയായി; ജലനിരപ്പ് 137 അടിയും.
ആളുകളെ മാറ്റിപ്പാർപ്പിക്കാൻ നടപടിയെടു
ത്തു.

- നിയന്ത്രിത തോതിൽ മുൻകൂട്ടി വെള്ളമൊഴു
ക്കണമെന്ന ആവശ്യത്തിൽ നടപടിയുണ്ടാകാ
ത്ത പശ്ചാത്തലത്തിൽ, ഇടുക്കിയിലെ സ്പിൽ
വേകളിലൂടെയുള്ള ജലമൊഴുക്കു കൂട്ടി. 14നു രാ
ത്രി ഏഴിനും 15ന് എട്ടിനുമിടയ്ക്കു ജലമൊഴുക്ക്
സെക്കൻഡിൽ 21,188 ഘനയടിയിൽനിന്ന് 35,315
ഘനയടിയായി കൂട്ടി. 15ന് അർധരാത്രിയാകട്ടെ,
മുല്ലപ്പെരിയാറിലെ 13 ഷട്ടറുകളും ഒരുമിച്ച് ഉയർ
ത്തുകയും ചെയ്തു.

പേജ് 10

ഇടമലയാർ, പെരിങ്ങൽക്കുത്ത്: ആരോപണമുനയിൽ തമിഴ്നാട്

ക്കം. അവിടെ നിന്നു 'ദ് സ്റ്റേ
റ്റ്സ്മാൻ' പത്രത്തിലെത്തി. അടി
യന്തരാവസ്ഥക്കാലത്തു ജയിലി
ലടയ്ക്കപ്പെട്ടു. 1990ൽ ബ്രിട്ടനി
ലെ ഇന്ത്യൻ ഹൈക്കമ്മിഷണറാ
യും 1996ൽ യുഎന്നിലെ ഇന്ത്യൻ
പ്രതിനിധിയായും നിയമിതനായി.
1997ൽ രാജ്യസഭയിലേക്കു നാ
മനിർദേശം ചെയ്യപ്പെട്ടു. ഇന്ത്യ-
പാക്കിസ്ഥാൻ വിഭജനത്തിൽ
ഏറെ വേദനിച്ച നയ്യാർ, ഇരുരാ
ജ്യങ്ങൾക്കുമിടയിൽ സൗഹൃദം
വളർത്താൻ നടത്തിയ ശ്രമങ്ങ
ളും ഏറെ ശ്രദ്ധ നേടിയിരുന്നു.
ബിറ്റ്വീൻ ദ് ലൈൻസ് എന്ന പ്ര
തിവാര പംക്തി ഏറെ ചർച്ചചെ
യ്യപ്പെട്ടു. 14 ഭാഷകളിലായി അൻ
പതിലേറെ ദിനപത്രങ്ങളിൽ ഈ
പംക്തി പ്രസിദ്ധീകരിച്ചു. ആത്മ
കഥയായ 'ബിയോണ്ട് ദ് ലൈൻ
സ്', വിത്തൗട്ട് ഫിയർ ഉൾപ്പെടെ
15 പുസ്തകങ്ങൾ രചിച്ചു.

MAXVALUE
FINANCE AND INVESTMENTS LTD.
THE MOST TRUSTED NBFC IN INDIA
ഗോൾഡ് ലോൺ
ഗ്രാമിന് ഏറ്റവും
ഉയർന്ന വായ്പ
കുറഞ്ഞ പലിശനിരക്കിൽ...
Branches All Over Kerala
www.maxvaluecredits.com

## കുഞ്ഞുക്കുറുപ്പ്

കസ് റദ്ദാക്കാൻ ഡൽഹി
ഹൈക്കോടതിയുടെ വ്യവസ്ഥ:
കേരളത്തിലെ ദുരിതാശ്വാസ
നിധിയിൽ പണമടച്ച്
സീത് ഹാജരാക്കുക

ല്ലാ കോടതികളും
തു കേൾക്കുന്നുണ്ടല്ലോ...

## വീട്ടിലേക്ക് ഇനി എത്ര ദൂരം

പറവൂർ കരുമാല്ലൂർ എൽപി സ്കൂളിലെ പ്രളയദുരിതാശ്വാസ ക്യാംപിൽ കഴിയുന്ന എം.എസ്. നിരഞ്ജൻ, ക്ലാസ്മുറിയുടെ അലമാരിയിൽ സൂക്ഷിച്ചിരിക്കുന്ന വീടുകളുടെ മാതൃകകൾ പരിശോധിക്കുന്നു. സമീപപ്രദേശമായ മണ്ടള കോളനിയിലെ താമസക്കാരനായ നിരഞ്ജൻ ഇതേ സ്കൂളിലെ മൂന്നാംക്ലാസ് വിദ്യാർഥിയും പ്രളയത്തിൽ വീടുതകർന്നയാളുമാണ്.

ചിത്രം : ജോസ്കുട്ടി പനയ്ക്കൽ ● മനോരമ

# പ്രധാനമന്ത്രിയുടെ നിധി
# കേരളത്തിനായി നൽകാ

## റെയിൽവേ ജീവനക്കാർ നൽകുന്ന മുഴുവൻ കിട്ടണമെന്നില്ലെന്നു സൂ

**മനോരമ ലേഖകൻ**

ന്യൂഡൽഹി● കേരളത്തിന്റെ പേരിൽ പ്രധാനമന്ത്രിയുടെ ദേശീയദുരിതാശ്വാസനിധിയിലേക്കു കേന്ദ്രം പണം സ്വീകരിക്കും. എന്നാൽ, ആ പണം മുഴുവൻ കേരളത്തിനു ലഭിക്കുമോ? അതിനു വ്യവസ്ഥയില്ലെന്നാണു കേന്ദ്ര സർക്കാർ വ്യത്തങ്ങൾ പറയുന്നത്. ഏതെങ്കിലും പ്രത്യേക ആവശ്യത്തിനെന്നു പറഞ്ഞ് പ്രധാനമന്ത്രിയുടെ നിധിയിലേക്കു പണം നൽകാൻ വ്യവസ്ഥയില്ല.

അപ്പോൾ, കേരളത്തിനായി റെയിൽവേയും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളും പ്രധാനമന്ത്രിയുടെ നിധിയിലേക്കു പണം നൽകിയാൽ അതത്രയും കേരളത്തിനു ലഭിക്കില്ലെന്ന സ്ഥിതിയായി. റെയിൽവേയുടെ 13 ലക്ഷം ജീവനക്കാർ ഒരു ദിവസത്തെ ശമ്പളം കേരളത്തിനായി പ്രധാനമന്ത്രിയുടെ നിധിയിലേക്കു നൽകണമെന്നാണ് റെയിൽവേ ബോർഡ് അധ്യക്ഷൻ അശ്വനി ലൊഹാനി ആവശ്യപ്പെട്ടിട്ടുള്ളത്. ഇത് ഏകദേശം 200 കോടി രൂപ വരുമെന്നാണ് റെയിൽവേ വ്യത്തങ്ങൾ പറയുന്നത്.

പണം ഏതെങ്കിലും പദ്ധതിക്കെന്നു പറഞ്ഞാണു നൽകുന്നതെങ്കിൽ സ്വീകാര്യമല്ലെന്നതു പ്രധാനമന്ത്രിയുടെ നിധിയുമായി ബന്ധപ്പെട്ട വ്യവസ്ഥയാണ്. ഈ വ്യവസ്ഥ അംഗീകരിച്ചാൽ മാത്രമേ സംഭാവന നൽകാൻ സാധിക്കുകയുള്ളൂ. ഇതു സംബന്ധിച്ച വെബ്സൈറ്റിൽതന്നെ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. ഏതെങ്കിലും പ്രത്യേക കാര്യത്തിനായി പണം സ്വീകരിക്കില്ലെന്നാണു വ്യ